## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 191 — 08.12.2015 ൽ മറുപടിയ്ക്ക്

# ചെറുകിട ബാങ്കിംഗ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ചെറുകിട ബാങ്കിംഗ് സംവിധാനം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) 13.11.2015 ൽ കൂടിയ സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ വാർഷിക പൊതു യോഗത്തിൽ ബാങ്കിന്റെ ആഭിമുഖ്യത്തിൽ ചെറുകിട ബാങ്കിംഗ് സംവിധാനം ആരംഭിക്കുന്നതിനുള്ള ലൈസൻസിനുവേണ്ടി റിസർവ് ബാങ്കിനോട് അപേക്ഷിക്കുന്നതിനുള്ള അനുവാദത്തിനായി സർക്കാരിനോട് അപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ റിസർവ് ബാങ്കിൽ നിന്നും ലൈസൻസ് ലഭിച്ചിട്ടുണ്ടോ; | (ബി) അപേക്ഷ സമർപ്പിച്ചിട്ടില്ല. |
| (സി) കാർഷിക വായ്പയുടെ യഥാസമയമുള്ള തിരിച്ചടവ് പ്രോത്സാഹിപ്പിക്കാൻ 'ഗുഡ് പേ മാസ്റ്റർ', 'ആശ്വാസ് 2015' തുടങ്ങിയ പദ്ധതി നടപ്പിലാക്കി തുടങ്ങിയോയെന്ന് വ്യക്തമാക്കുമോ; | (സി) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് കാർഷിക വായ്പയുടെ യഥാസമയമുള്ള തിരിച്ചടവ് പ്രോത്സാഹിപ്പിക്കാൻ "ഗുഡ് പേ മാസ്റ്റർ" പദ്ധതി 01.01.2015 മുതൽ 31.12.2015 വരെയും "ആശ്വാസ് 2015" പദ്ധതി 01.02.2015 മുതൽ 30.06.2015 വരെയും നടപ്പിലാക്കിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) പ്രസ്തുത ബാങ്കിൽ നിന്നും സബ്സിഡി നിരക്കിലുള്ള വായ്പകൾ നൽകാറുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; സബ്സിഡി നിരക്കിൽ കാർഷിക വായ്പ നൽകുന്നതിനായി ബാങ്കിന്റെ ബൈലോയിൽ ആവശ്യമായ ഭേദഗതി വരുത്താൻ തയ്യാറാകുമോ; വ്യക്തമാക്കുമോ? | (ഡി) നബാർഡിൽ നിന്നുമുള്ള ഫണ്ടിന്റെ ലഭ്യതയും, പദ്ധതികളുടെ നിബന്ധനയും അനുസരിച്ച് കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ നിന്നും സബ്സിഡി നിരക്കിലുള്ള വിവിധ വായ്പകൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ